I/23819/2022

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി :29/01/2022
Email –swdkerala@gmail.com
Phone : 0471 – 2306040

## സർക്കുലർ

വിഷയം: സാമൂഹ്യനീതി വകുപ്പ് – 2022 പുതുവർഷം മുതൽ എല്ലാ ബുധനാഴ്ചകളിലും കൈത്തറി/ഖാദി വസ്ത്രങ്ങൾ ധരിക്കുന്നത് – നിർദ്ദേശം– നടപ്പിലാക്കുന്നത്– സംബന്ധിച്ച്.

സൂചന: 1)പൊതുഭരണ (ഏകോപനം) വകുപ്പിന്റെ 11.01.2022 തിയതിയിലെ ഡിഡിഎൻ.2/1/2022/പൊഭവ നമ്പർ സർക്കുലർ.
2)പൊതുഭരണ (ഏകോപനം) വകുപ്പിന്റെ 07.12.2020 തിയതിയിലെ ഡിഡിഎൻ.2/97/2020/പൊഭവ നമ്പർ സർക്കുലർ.

സംസ്ഥാനത്തെ കൈത്തറി /ഖാദി മേഖല കോവിഡ് വ്യാപനത്തെ തുടർന്ന് പ്രതിസന്ധിയിലാണെന്നും, ടി സാഹചര്യത്തിൽ കൈത്തറി മേഖലയെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി എല്ലാ സർക്കാർ/അർദ്ധ സർക്കാർ / അധ്യാപകർ/അനധ്യാപകർ/മറ്റ് പൊതുമേഖല സ്ഥാപലങ്ങളിലേ ജീവനക്കാർ 2022 പുതുവർഷം മുതൽ എല്ലാ ബുധനാഴ്ചകളിലും കൈത്തറി / ഖാദി വസ്ത്രങ്ങൾ ധരിക്കണമെന്നും സൂചന (1) സർക്കുലർ പ്രകാരം നിർദ്ദേശിച്ചിരിക്കുന്നു. ടെണ്ടർ നടപടികളിലൂടെ കൈത്തറിവസ്ത്രങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സൂചന (2) സർക്കുലർ പ്രകാരം നിർദ്ദേശം നല്കിയിട്ടുള്ളതാകുന്നു.

പ്രസ്തുത സാഹചര്യത്തിൽ, സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലെ ജീവനക്കാർ 2022 വർഷം മുതൽ കൈത്തറി/ഖാദി വസ്ത്രങ്ങൾ വാങ്ങുന്നതിനും എല്ലാ ബുധനാഴ്ചകളിലും അവ ധരിക്കുന്നതിനും നിർദ്ദേശിക്കുന്നു. വാങ്ങൽ നടപടികൾക്കായി മേൽ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

അഞ്ജന.എം
സാമൂഹ്യനീതി ഡയറക്ടർ

ഡയറക്ടറേറ്റിലെ എല്ലാ ജീവനക്കാർക്കും

എല്ലാ ജില്ലാ സാമൂഹ്യനീതി ആഫീസുകൾക്കും
പ്രൊബേഷൻ ആഫീസുകൾക്കും, കീഴ്ഓഫീസുകൾക്കും

ഉത്തരവിൻ പ്രകാരം

പവിത്രൻ തൈക്കണ്ടി
PEN Number: 212444
അസിസ്റ്റന്റ് ഡയറക്ടർ
സാമൂഹ്യനീതി ഡയറക്ടറേറ്റ്
തിരുവനന്തപുരം 695033